"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ജിസ ജോസഫ് മുതൽ പേർ ഫയൽ ചെയ്ത WP(C) 41438/2024 നമ്പർ ഹർജിയിൽ 25.11.2024 തീയതിയിൽ ബഹു ഹൈ കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.2544/2025/GEDN തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:-

1. സ.ഉ (അച്ചടി )നം. 382/2004/പൊ.വി.വ തീയതി 20-12-2004.
2. സ.ഉ (അച്ചടി )നം. 31/2006/പൊ.വി.വ തീയതി 19-1-2006.
3. സ.ഉ (സാധാ) നം. **3405/2024/**പൊ.വി.വ തീയതി **30-05-2024**
4. ജിസ ജോസഫ് മുതൽ പേർ ഫയൽ ചെയ്ത WP(C) 41438/2024 നമ്പർ ഹർജിയിൽ 25.11.2024 തീയതിയിൽ ബഹു ഹൈ കോടതിയുടെ വിധിന്യായം.
5. 08-03-2025 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജി.ഇ/5031/2025-എച്ച്2 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീമതി ജിസ ജോസഫ് മുതൽ പേർ ഫയൽ ചെയ്ത WP(C) 41438/2024 നമ്പർ ഹർജിയിലെ ഹർജിക്കാർ 5 വർഷത്തിലധികം അംഗീകൃത സേവനത്തിനു ശേഷം സംരക്ഷണമില്ലാതെ തസ്തിക നഷ്ടപ്പെട്ട് പുറത്തായ എയ്ഡഡ് സ്കൂൾ അധ്യാപകരാണ്. പരാമർശം (3) പ്രകാരമുള്ള 30 ദിവസത്തിലധികമുള്ള ഒഴിവുകളിലെ ദിവസവേതന നിയമനത്തിന്, ഹർജിക്കാരുടെ അധ്യാപനപരിചയം പരിഗണിച്ച് മുൻഗണന ലഭ്യമാക്കണം എന്നതാണ് ഹർജി സംഗതി. ഹർജിക്കാർ നൽകിയ അപേക്ഷ പരിശോധിച്ചു. വിധിന്യായം ലഭിച്ചു, നാല് മാസത്തിനകം തീരുമാനം എടുക്കാനും ഹർജിയിലെ ആവശ്യം

പരിഗണനാർഹമാണെങ്കിൽ സമാന സ്ഥിതിയിലുള്ള മറ്റ് അധ്യാപകർക്ക് കൂടി ബാധകമാക്കികൊണ്ടു പൊതു ഉത്തരവ് പുറപ്പെടുവിക്കുവാനും സർക്കാരിനോട് പരാമർശം (4) പ്രകാരം ബഹു കോടതി നിർദേശിക്കുകയും ചെയ്തു.

2. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും പരാമർശം (5) ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. പി.എസ്.സി റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള ജില്ലകളിൽ, പ്രസ്തുത ലിസ്റ്റിൽ നിന്നുമാണ് സർക്കാർ സ്കൂളുകളിൽ താത്കാലിക നിയമനങ്ങൾ നടത്തുന്നതിന് മുൻഗണന നൽകി വരുന്നത്. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ നേരിട്ട് നിലവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി താത്കാലിക നിയമനങ്ങൾ നടത്തി വരുന്നു.

3. കേരള വിദ്യാഭ്യാസ ആക്ട് , കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമന അധികാരി മാനേജർമാരാണ്. മാനേജർമാർ കെ.ഇ.ആക്ടിലെ സെക്ഷൻ 11, കെ.ഇ.ആർ അദ്ധ്യായം XIV എ, ചട്ടം 1 എന്നിവ പ്രകാരം നിയമിക്കുന്ന ജീവനക്കാർക്ക് ചട്ടം 8 ലെ വവസ്ഥകൾ പ്രകാരം നിയമനാംഗീകാരം നൽകുവാനോ, നിരസിക്കുവാനോ മാത്രമെ വിദ്യാഭ്യാസ അധികാരികൾക്ക് സാധിക്കുകയുള്ളൂ. ഹർജിക്കാരുടെ ആവശ്യം അംഗീകരിച്ചുകൊണ്ട് പരാമർശം (3) പ്രകാരമുള്ള 30 ദിവസത്തിലധികമുള്ള ഒഴിവുകളിലെ ദിവസവേതന നിയമനത്തിന്, ഹർജിക്കാർക്കു മുൻഗണ നൽകണമെന്ന് നിഷ്കർഷിക്കുവാൻ നിലവിൽ ചട്ട പ്രകാരം സർക്കാരിന് അവകാശമില്ലാത്തതാകുന്നു. എന്നാൽ ഇത്തരം താത്കാലിക തസ്തികകളിൽ, സംരക്ഷണത്തിന് അർഹതയില്ലാതെ പുറത്താകുന്ന അധ്യാപകരെ/അനധ്യാപകരെ നിയമിക്കുവാൻ സംസ്ഥാനത്തെ ഏതെങ്കിലും എയ്ഡഡ് സ്കൂൾ മാനേജർ തയ്യാറാകുന്ന പക്ഷം അവരുടെ നിയമനം അഗീകരിക്കുന്നതിൽ തടസമില്ല. ഇപ്രകാരമുള്ള ഒരു അക്കാദമിക വർഷത്തിൽ താഴെയുള്ള താൽക്കാലിക നിയമനങ്ങൾക്ക് ഓരോ അക്കാദമിക വർഷവും സർക്കാർ പൊതു ഉത്തരവുകൾ പുറപ്പെടുവിക്കുകയാണ് ചെയ്തു വരുന്നത്. അങ്ങനെ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന 30

ദിവസത്തിലധികമുള്ള താത്കാലിക ഒഴിവുകളിലേക്ക്, ദിവസവേതന നിയമനവുമായി ബന്ധപ്പെട്ട് നാളിതു വരെ സർക്കാർ പുറപ്പെടുവിച്ച നിർദേശങ്ങൾക്ക് വിധേയമായി, ഇത്തരം താത്കാലിക ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ ബന്ധപ്പെട്ട മാനേജർമാർക്ക് എല്ലാ അക്കാദമിക വർഷാരംഭങ്ങളിലും സർക്കാർ അനുമതി നൽകുന്നുണ്ട്.

3. നിലവിൽ എയ്ഡഡ് സ്കൂളിൽ ശമ്പളസ്കെയിലിൽ ഒരു അക്കാദമിക വർഷ സേവനം പൂർത്തിയാക്കി തസ്തിക നഷ്ടപ്പെട്ട് പുറത്തായിട്ടുള്ളവരെല്ലാം അതാത് മാനേജ്മെന്റിലെ ചട്ടം 51എ അവകാശികളാണ്. അതിനാൽ പ്രസ്തുത മാനേജ്മെന്റിലുണ്ടാകുന്ന അതേ തസ്തികയിലെയോ ഉയർന്നതോ താഴ്ന്നതോ ആയ തസ്തികയിലെയോ സ്ഥിര നിയമങ്ങൾക്കും ഒരു അക്കാദമിക വർഷം അധികരിക്കുന്ന ഒഴിവിലെ നിയമങ്ങൾക്കും നിലവിൽ തന്നെ ഹർജിക്കാർക്ക് മുൻഗണന ലഭ്യമാണ്. ഒരു അക്കാദമിക വർഷസേവനം പൂർത്തിയാക്കാൻ സാധിക്കാത്ത ഒഴിവുകൾ സംബന്ധിച്ച് ദിവസവേതനമാണ് നിയമനരീതി. എന്നാൽ ചട്ടം 51എ അവകാശം ആർജ്ജിച്ചവരുടെ പുനർനിയമനത്തിന്, ഒഴിവ് 2 മാസത്തിൽ അധികമുണ്ടെങ്കിൽ പരാമർശം (2) പ്രകാരം ശമ്പളസ്കെയിലിൽ അംഗീകാരം നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം മാനേജർ (നിയമിക്കാൻ നിർബന്ധിതനല്ലെങ്കിലും) നിയമനം നൽകിയാൽ അംഗീകരിക്കുന്നതിന് നിലവിൽ നിയമ തടസ്സങ്ങൾ ഒന്നുമില്ല.

4. മേൽ വിവരിച്ച സാഹചര്യങ്ങളിൽ, ഒരു മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിലെ തസ്തികനഷ്ടം സംഭവിച്ച, സംരക്ഷണത്തിന് അർഹതയില്ലാത്ത അധ്യാപകരെ മറ്റു മാനേജ്മെന്റുകളിലെ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങളിൽ മുൻഗണന നൽകണമെന്ന് നിലവിലെ ചട്ടങ്ങൾ പ്രകാരം നിഷ്കർശിക്കാനാവാത്തതുകൊണ്ടും, ഹർജിക്കാർക്ക് ചട്ടം 51എ അവകാശവും പരാമർശം (2) ഉത്തരവിന്റെ ആനുകൂല്യവും നിലവിൽ തന്നെ ഉള്ളതിനാലും, പരാമർശം (3) ഉത്തരവ് പ്രകാരമോ സമാനമായ രീതിയിൽ ഓരോ വർഷവും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമോ 30 ദിവസത്തിലധികമുള്ള ഒഴിവുകളിൽ, ഹർജിക്കാരെ മുൻഗണ നൽകി മാനേജർമാർ

നിയമിക്കുകയാണെങ്കിൽ നിയമനംഗീകാരം നൽകുന്നതിൽ നിലവിൽ തടസ്സമില്ലാത്തതിനാലും, ഹർജിക്കാരുടെ ആവശ്യം നിരാകരിച്ചു കൊണ്ടും അപ്രകാരം പരാമർശം (4) ലെ ബഹു ഹൈ കോടതിയുടെ വിധി ന്യായം പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRIYADARSHINI MOHANDAS
അണ്ടർ സെക്രട്ടറി

WP(C) 41438/2024 നമ്പർ ഹർജിയിലെ ഹർജിക്കാർക്ക്.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് , തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
N K Sheena
Date: 08-04-2025 16:43:28
സെക്ഷൻ ഓഫീസർ